(ബി) ഇതു പരിഹരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) റീസർവെയിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് സർക്കാർതലത്തിൽ ഒരു ഏജൻസിയെ നിയമിക്കുന്നതിന് നടപടി കൈക്കൊള്ളുമോ;

(ഡി) പത്തനംതിട്ട റവന്യൂ ജില്ലയിൽ റീസർവെ സംബന്ധിച്ച എത്ര പരാതികളിന്മേൽ തീർപ്പ് കൽപ്പിക്കുവാനുണ്ട്; ഇതിന്റെ കാലപ്പഴക്കം എത്ര; താലൂക്ക്, വില്ലേജ് തിരിച്ചുള്ള കണക്കുകൾ ഹാജരാക്കുമോ;

(ഇ) ഈ പരാതികളിന്മേൽ എന്നത്തേയ്ക്ക് തീർപ്പ് കൽപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(എഫ്) റീസർവെയിലുണ്ടാകുന്ന പരാതികളിന്മേൽ തീർപ്പു കൽപ്പിക്കുന്നതിനായി ഒരു അദാലത്തു സംഘടിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റീസർവെ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനു പുതിയ മേഖലകളിൽ റീസർവെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് നിറുത്തിവച്ച് സർവെ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ തന്നെ ഓരോ വില്ലേജിലും ഒരു മാസം സർവെ അദാലത്ത് നടത്തി പരാതികൾ തീർപ്പ് കൽപ്പിക്കുന്നതിനും, തുടർന്ന് ഓരോ മാസവും ഒരു മാസത്തെ അദാലത്ത് പൂർത്തിയായ വില്ലേജുകളിൽ ആദ്യത്തെ തിങ്കളാഴ്ച പരാതികൾ സ്വീകരിച്ച് തീർപ്പാക്കാനും, തുടർച്ചയായി 3 മാസം, 10 പരാതികളിൽ കുറവ് ലഭിക്കുന്ന സ്ഥലങ്ങളിൽ, വില്ലേജാഫീസുകളിൽവച്ച് പരാതി സ്വീകരിക്കുന്നത് നിറുത്തിവച്ച് ബന്ധപ്പെട്ട സർവെ സൂപ്രണ്ടാഫീസുകളിൽ പരാതി സ്വീകരിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പരാതികളിന്മേൽ തീർപ്പുകൽപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്.

**96 (2252) ജനകീയാസൂത്രണ പദ്ധതിയുടെ വിലയിരുത്തൽ**

ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കനുവദിക്കുന്ന തുക ലാപ്സാകാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കഴിഞ്ഞ 4 വർഷത്തെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതു സംബന്ധിച്ച് ഏതൊക്കെ ഏജൻസികൾ പഠനം നടത്തുന്നുവെന്ന് സർക്കാരിന് അറിവുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സ്വകാര്യ ഏജൻസികൾ തയ്യാറാക്കുന്ന പഠന റിപ്പോർട്ടുകൾ കൂടി ഇതു സംബന്ധിച്ച അന്തിമ വിലയിരുത്തലിൽ ഉൾപ്പെടുത്തുമോ;

(ഇ) ജനകീയാസൂത്രണത്തിന്റെ ഭാഗമായുള്ള പദ്ധതികൾക്ക് സർക്കാർ ഗ്യാരന്റി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പദ്ധതി വിഹിതത്തിന്റെ 75 ശതമാനം വിനിയോഗിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാക്കി 25 ശതമാനം ലാപ്സാകുന്നതല്ല എന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം വളരെ നേരത്തെ തന്നെ പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുകയും പ്രോജക്ടുകൾ ഡി.പി.സി. അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ജനകീയാസൂത്രണ പദ്ധതി വിലയിരുത്തുവാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയും ജില്ലാ തലത്തിൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകളും നടത്തുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി പങ്കെടുത്ത് ജില്ലാതല റിവ്യൂ മീറ്റിംഗുകൾ വിളിച്ചു ചേർക്കുന്നുണ്ട്.

(സി) ജനകീയാസൂത്രണത്തിന്റെ ചില പ്രവർത്തനങ്ങൾ ഗവേഷണ സ്ഥാപനങ്ങളുടെയും ഗവേഷകരുടെയും ആഭിമുഖ്യത്തിൽ പഠനം നടത്തുന്നുണ്ട്.

(ഡി) ഇതു സംബന്ധിച്ച തീരുമാനം എടുത്തിട്ടില്ല.

(ഇ) ഉണ്ട്. വിവിധ തലത്തിലുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ യോജിച്ചു നടപ്പിലാക്കുന്ന "സമ്പൂർണ്ണ ഭവന പദ്ധതി" പോലുള്ള ബൃഹത്തായ പ്രോജക്ടുകൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭിക്കുവാൻ സർക്കാർ ഗ്യാരന്റി നൽകുന്നുണ്ട്.

### 97 (2253) ജനകീയാസൂത്രണ പദ്ധതിക്ക് അനുവദിച്ച തുക ലാപ്സാവുന്നത് ഒഴിവാക്കാൻ നടപടി

ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകിയ തുക ലാപ്സാകുന്നതൊഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly